# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **1296**

02/03/2017-ൽ
മറുപടിയ്ക്ക്

## മലപ്പുറം സർക്കാർ വനിതാ കോളേജിൽ അധ്യാപക-അനദ്ധ്യാപക ജീവനക്കാർ

**ചോദ്യം** **മറുപടി**

ശ്രീ.പി.ഉബൈദുള്ള :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പൽ ഉൾപ്പെടെ ആവശ്യമായ അധ്യാപക-അനധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) (ബി) & (സി) | ഉണ്ട്. മലപ്പുറം സർക്കാർ വനിതാ കോളേജിൽ പ്രിൻസിപ്പൽ ഉൾപ്പെടെ 16 മണിക്കൂർ വർക്ക് ലോഡുള്ള 4 അദ്ധ്യാപക തസ്തികകളും 13 അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് 20.08.2016 -ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതുവരെ കാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് ടി തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടതിനാൽ പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | കോളേജിനാവശ്യമായ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ ; ഭരണ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കർശന നിർദ്ദേശം നൽകുമോ; | | |
| (സി) | പ്രിൻസിപ്പൽ തസ്തിക പോലും സൃഷ്ടിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ പരിഹരിക്കാവാനും ഉടൻ തസ്തിക സൃഷ്ടിക്കുവാനും നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ